ഉത്തരം

(എ) 12-2-1999-ൽ

(ബി) നിർമ്മാണ പ്രവൃത്തി ഏകദേശം 75 ശതമാനം പൂർത്തിയായിട്ടുണ്ട്.

(സി) മൊത്തം എസ്റ്റിമേറ്റ് തുക 2,67,70,500 രൂപയാണ്.

(ഡി) കരാറുകാരൻ പണി ഉപേക്ഷിച്ചിട്ടില്ല. എന്നാൽ ബിൽ കൊടുത്തു തീർക്കാനുള്ളതുകൊണ്ട് പണി മന്ദഗതിയിലാണ് നടക്കുന്നത്.

(ഇ) കരാറുകാരനോട് പണി എത്രയുംവേഗം തീർക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മെഡിക്കൽ കോളേജ്-മാവൂർ റോഡിൽ ഉണ്ടായിട്ടുള്ള അപകടങ്ങൾ

57 [5707] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ്-മാവൂർ റോഡിൽ കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കുള്ളിൽ എത്ര അപകടങ്ങളുണ്ടായി എന്നറിയിക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് മരണം സംഭവിച്ചു;

(സി) പ്രസ്തുത റോഡിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഇനിയും എന്തെല്ലാം നടപടികളാണ് ഇവിടെ അപകടങ്ങൾ നിയന്ത്രിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1756 അപകടങ്ങൾ ഉണ്ടായി.

(ബി) 115 പേർക്ക്

(സി, ഡി) മെഡിക്കൽ കോളേജ്-മാവൂർ റോഡിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി വേണ്ടുന്ന ഡിവൈഡറുകൾ, റിഫ്ലക്ടറുകൾ തുടങ്ങിയവ ആവശ്യമായ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്, കൂടാതെ ട്രാഫിക് ചെക്കിംഗ് കർശനമാക്കിയും കുറ്റക്കാരായ ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചും അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വാഹനങ്ങളിൽ വേഗത നിയന്ത്രിക്കുന്നതിനുള്ള ഉപകരണങ്ങൾ ഘടിപ്പിക്കുവാൻ നടപടികൾ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കാൽനട യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി കവർ സ്ലാബ് ഇല്ലാത്ത ഓടകളിൽ കവർ സ്ലാബ് ഇടാനുള്ള പ്രൊപ്പോസലും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly